## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4656** **20.10.2011-ൽ മറുപടിക്ക്.**

### എയർ ടാക്സി സംവിധാനം ആരംഭിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി . ശ്രേയാംസ് കുമാർ | | ശ്രീ. കെ. ബാബു (എക്സൈസും തുറമുഖവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിനുള്ളിലെ പ്രദേശങ്ങളെ ബന്ധിപ്പിച്ച് ആകാശ മാർഗ്ഗേയുള്ള ഗതാഗത സംവിധാനങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തിനകത്ത് ആകാശ മാർഗ്ഗേയുള്ള ഗതാഗത സൗകര്യം വികസിപ്പിക്കുന്നതിന് ഒരു സംസ്ഥാന വ്യോമയാന പദ്ധതി രൂപപ്പെടുത്ത ണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം സംസ്ഥാന സർക്കാരിനോടാവശ്യ പ്പെട്ടതിനെത്തുടർന്ന് സംസ്ഥാന വ്യോമയാന പദ്ധതിയുടെ മുഖ്യ സവിശേഷതകളെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് സൃഷ്ടിക്കുവാൻ നിലവിലുള്ള എയർപോർട്ടുകളുമായും ജില്ലാ ഭരണകൂടങ്ങളുമായും മറ്റ് ബന്ധപ്പെട്ടവരു മായും ഗതാഗത വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി 16.5.2011-ന് യോഗം ചേരുകയും പദ്ധതി നടത്തിപ്പിന്റെ വിവിധ വശങ്ങൾ ചർച്ച നടത്തുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ജില്ലാ കളക്ടർമാരോടും എയർപോർട്ട് ഡയറക്ടർ മാരോടും നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന വ്യോമയാന പദ്ധതി രൂപീകരിക്കുമ്പോൾ അതിൽ ഇടുക്കി, വയനാട് , മലപ്പുറം എന്നീ ജില്ലകളിലേയ്ക്ക് ഹെലികോപ്ടർ സർവ്വീസും, **seaplane** സർവ്വീസുകൾ എന്നിവ ഉൾപ്പെടുത്തണ മെന്നാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | സംസ്ഥാനത്ത് ചെറുകിട വിമാനത്താവളങ്ങൾ തുടങ്ങുന്ന തിനുള്ള സാധ്യതാ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഇല്ല. |

| | | | |
|---|---|---|---|
| (സി) | കേരളത്തിലെ ചെറുകിട വിമാനത്താവളങ്ങളെ ബന്ധപ്പെടുത്തി എയർ ടാക്സി സംവിധാനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ടി സംസ്ഥാന വ്യോമയാന പദ്ധതിയുടെ ഉദ്ദേശം തന്നെ സംസ്ഥാനത്തിനകത്തുള്ള വിമാനത്താവളങ്ങളെ ബന്ധപ്പെടുത്തി വിമാന സർവ്വീസ് ആരംഭിക്കുകയെന്നാണ്. |

സെക്ഷൻ ഓഫീസർ